# കേരളസർവകലാശാല

നം.പി.ആർ.235/2020 ഫോൺ:9188526671

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2020 മാർച്ച് മാസം നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. ബോട്ടണി & ബയോടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ (കോർ, കോംപ്ലിമെന്ററി - ബയോ കെമിസ്ട്രി) പരീക്ഷകൾ SNGM കോളേജ്, തുറവൂരിൽ ഡിസംബർ 2 മുതൽ നടത്തുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2019 ഡിസംബർ മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ബയോടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 30, ഡിസംബർ 1,2,3,4 തീയതികളിൽ നടത്തുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ ഇസ്ലാമിക പഠനവകുപ്പിൽ എം.എ. വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ് പ്രോഗ്രാമിന് 2020 - 22 ബാച്ച് അഡ്മിഷനു ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ നവംബർ 30ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി കാര്യവട്ടം കാമ്പസിലെ വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

### പുതുക്കിയ പരീക്ഷാതീയതി

നവംബർ 26 ന് നടത്താനിരുന്ന നാലാം വർഷ ബി.എഫ്.എ. (സ്കൾപ്ചർ) (പേപ്പർ iv-പോർട്രൈറ്റ്) നവംബർ 28 ലേക്ക് പുനക്രമീകരിച്ചിരിക്കുന്നു.

നവംബർ 26 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ ബി .ടെക് ഡിഗ്രി ഒക്ടോബർ 2020 (2008 സ്കീം) പരീക്ഷ ഡിസംബർ 4 ലേക്ക് മാറ്റി വെച്ചിരിക്കുന്നു പരീക്ഷ സമയം ഉച്ചയ്ക്ക് 2 മുതൽ 5 മണി വരെ.

## <u>പരീക്ഷാഫീസ്</u>

2021 ജനുവരിയിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ(2018 സ്കീം - റെഗുലർ/ഇംപ്രൂവ്മെന്റ്, 2014 സ്കീം - സപ്ലിമെന്ററി 2011 സ്കീം (2012 & 13 അഡ്മിഷൻ സപ്ലിമെന്ററി, 2006 സ്കീം- മേഴ്സി ചാൻസ്) നാലാം സെമസ്റ്റർ (2018 സ്കീം റെഗുലർ,2014 സ്കീം - ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി, 2006 സ്കീം - മേഴ്സി ചാൻസ്, & 2011 സ്കീം (2012 & 2013 അഡ്മിഷൻ സപ്ലിമെന്ററി ) ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജി (ബി. എച്ച്. എം/ ബി .എച്ച് .എം .സി . റ്റി പരീക്ഷകൾക്കുള്ള അപേക്ഷക്ഷണിച്ചു. പിഴകൂടാതെ ഡിസംബർ 9 വരെയും 150 രൂപ പിഴയോടുകൂടി ഡിസംബർ 15 വരെയും 400 രൂപ പിഴയോടുകൂടി ഡിസംബർ 17 വരെയും അപേക്ഷിക്കാവുന്നതാണ്. 2014, 2018 സ്കീം വിദ്യാർഥികൾ ഓൺലൈനായി മറ്റു വിദ്യാർഥികൾ ഓഫ്ലൈനായിയും അപേക്ഷിക്കേണ്ടതാണ്.

## <u>പരീക്ഷാഫലം</u>

ഒന്നും രണ്ടും സെമസ്റ്റർ ബി.എസ്.സി. മാത്തമാറ്റിക്സ് (വിദൂരവിദ്യാഭ്യാസം - 2017 & 2018 അഡ്മിഷൻ) റെഗുലർ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 11 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.



**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**27.11.2020**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**